## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441** **30-08-2022 - ൽ മറുപടിയ്ക്ക്**

## തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ എത്ര പേർ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം 19/08/2022 തീയതി അടിസ്ഥാനമാക്കി സംസ്ഥാനത്ത് 30,38,748 അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഉണ്ട്. |
| (ബി) | ഇവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും തൊഴിൽ വിദ്യാഭ്യാസം മുൻനിർത്തി എല്ലാവർക്കും തൊഴിൽ ഉറപ്പുവരുത്താനുമായി മുൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു എന്നും നിലവിലെ സർക്കാർ സ്വീകരിക്കാനുദ്ദേശിയ്ക്കുന്ന പ്രധാന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും, വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും, ശരിയായ കരിയർ ആസൂത്രണം ചെയ്യുന്നതിനുമുള്ള 'കരിയർ ഡവലപ്മെന്റ് സെന്ററുകൾ', പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി-കളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചു കൊണ്ടുള്ള 'സമന്വയ', സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടു വന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുന്നതിനുമായി 'സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ', മുതിർന്ന പൗരന്മാർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 'നവജീവൻ', തൊഴിൽ രഹിതരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കിയുള്ള 'കൈവല്യ' പദ്ധതി, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച 'എംപ്ലോയബിലിറ്റി സെന്ററുകൾ', സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന 'മോഡൽ കരിയർ സെന്റർ'കളും മുൻ സർക്കാരിന്റെ കാലത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കൂടാതെ, തൊഴിൽ മേളകളും സംഘടിപ്പിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | മുൻ സർക്കാർ നടപ്പിലാക്കിയ ടി പദ്ധതികളെല്ലാം തന്നെ ഈ സർക്കാരിന്റെ കാലയളവിലും തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ